**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5109** **20-03-2025 - ൽ മറുപടിയ്ക്ക്**

**നന്തിക്കര ജി.വി.എച്ച്.എസ്.എസ്. വക സ്ഥലം കളിക്കളം നിർമ്മാണത്തിന് തരംമാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പുതുക്കാട് മണ്ഡലത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്.എസ്. വക സ്ഥലം കളിക്കളം നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നൽകിയിട്ടുള്ള അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | നന്തിക്കര ജി. വി. എച്ച്. എസ്. സ്കൂളിന്റെ കൈവശത്തിലുള്ള ഭൂമിയുടെ തരം മാറ്റം സംബന്ധിച്ച അപേക്ഷകളൊന്നും ബന്ധപ്പെട്ട ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിലോ, ബന്ധപ്പെട്ട വില്ലേജ് ഓഫീസിലോ ലഭ്യമായിട്ടില്ലാത്തതാണ്. |
| (ബി) | കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപയും ഉൾപ്പെടെ 1 കോടി രൂപ ചെലവിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത ഭൂമി തരം മാറ്റി നൽകുന്നതിന് അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ